"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണം - പഞ്ചായത്ത് വകുപ്പ് - ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ നിന്ന് ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിലെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസവുമായി ബന്ധപ്പെട്ട് ശ്രീമതി. ഷിജി മോൾ ആർ. എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1585/2020 നമ്പർ കേസ്സിന്മേലുള്ള 13.07.2023 ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.418/2024/LSGD തീയതി,തിരുവനന്തപുരം, 21-02-2024

---

പരാമർശം:-

1. ശ്രീമതി. ഷിജി മോൾ ആർ. എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1585/2020 നമ്പർ കേസ്സിന്മേലുള്ള 13.07.2023 ലെ ഉത്തരവ്.
2. ശ്രീമതി. ഷിജി മോൾ ആർ. എസ്-ന്റെ 29.07.2023 ലെ നിവേദനം
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.11.2023 ലെ DEF4-18210/2023/PAN നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിലുള്ള ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിലെ ഒഴിവ് പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള കാലതാമസവുമായി ബന്ധപ്പെട്ട്, ലൈബ്രേറിയൻ തസ്തികയിൽ പി.എസ്.സി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ട ശ്രീമതി. ഷിജി മോൾ ആർ. എസ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA 1585/2020 നമ്പർ കേസ്സിന്മേലുള്ള 13.07.2023 ലെ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സൂപ്പർന്യൂമററി പോസ്റ്റ് സൃഷ്ടിച്ച് ടിയാൾക്ക് നിയമനം നൽകുന്നതിന് വേണ്ടി ടിയാൾ സർക്കാർ തലത്തിൽ അപേക്ഷ നൽകുന്ന പക്ഷം 3 മാസക്കാലയളവിനുള്ളിൽ ആയതിനു തീർപ്പ് കൽപ്പിക്കുവാൻ ഉത്തരവായിരുന്നു.

2. 31.12.2016 ൽ കാറ്റഗറി നം. 539/2016 പ്രകാരം പഞ്ചായത്ത് വകുപ്പിലെ ലൈബ്രേറിയൻ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ച് കേരള പി എസ് സി 18/07/2019 ൽ പ്രസിദ്ധീകരിച്ചിരുന്ന തിരുവനന്തപുരം ജില്ലയുടെ ലൈബ്രേറിയൻ ഗ്രേഡ് IV റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥി ആയ ടിയാൾ 59% കേൾവി കുറവുള്ളതിനാൽ ഭിന്നശേഷിക്കാരുടെ റാങ്ക് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടിട്ടുള്ളതാണെന്നും തിരുവനന്തപുരം ജില്ലയിൽ ഒഴിവുകൾ നിലവിലില്ലാത്തതിനാൽ പഞ്ചായത്ത് വകുപ്പിൽ നിയമനത്തിനായി ഉത്തരവുണ്ടാകണമെന്ന് പരാമർശം (2) പ്രകാരം ടിയാൾ അപേക്ഷിച്ചിരുന്നു.

3. ഇതു സംബന്ധിച്ച് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം(3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ആയത് പ്രകാരം, 8/07/2019 ൽ പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രസിദ്ധീകരിച്ചിരുന്ന തിരുവനന്തപുരം ജില്ലയുടെ ലൈബ്രേറിയൻ ഗ്രേഡ് IV റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥി ആയ ഹർജി കക്ഷി 59% കേൾവി കുറവുള്ളതിനാൽ ഭിന്നശേഷിക്കാരുടെ റാങ്ക് ലിസ്റ്റിൽ ഒന്നാമതായി ഉൾപ്പെട്ടിട്ടുള്ളതാണ്. പഞ്ചായത്ത് വകുപ്പിൽ ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിൽ ആകെ നിലവിൽ ഉള്ള 69 sanctioned post ൽ 11 എണ്ണം തിരുവനന്തപുരം ജില്ലയിൽ നിലവിലുണ്ട്. 1991 ലെ കേരള പഞ്ചായത്ത് സബോർഡിനേറ്റ് റൂളിലെ ഗ്രൂപ്പ് 3 -ൽ കാറ്റഗറി 4-ൽ ആണ് ഗ്രാമ പഞ്ചായത്ത് ലൈബ്രേറിയൻ ഉൾപ്പെട്ടിട്ടുള്ളത്. സ്പെഷ്യൽ റൂൾ പ്രകാരം ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിലേക്കുള്ള നിയമനം ഗ്രേഡ് 4 (OA/Office Attendant) തസ്തികകളിലെ യോഗ്യതയുള്ള ജീവനക്കാരിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് നൽകുന്നത്. ഇവരുടെ

അഭാവത്തിൽ 4 വർഷം സേവനമുള്ള നിർദ്ദിഷ്ട യോഗ്യതയുള്ള ഫുൾ ടൈം കണ്ടിജന്റ് ജീവനക്കാരിൽ നിന്നും തസ്തികമാറ്റം മുഖേനയും നിയമനം നടത്തുന്നു. ഇപ്രകാരം തസ്തികമാറ്റത്തിന് അർഹരായവരുടെ അഭാവത്തിൽ മാത്രം പി എസ് സി മുഖാന്തിരം നേരിട്ടുള്ള നിയമനം നടത്തി വരുന്നു. നിലവിലെ ചട്ടങ്ങൾക്കനുസൃതമായാണ് ടി തസ്തികയിലേക്ക് നിയമനങ്ങൾ നടത്തിവരുന്നത്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലും ലൈബ്രേറിയൻ ഗ്രേഡ് I V തസ്തികയിലേക്ക് ബൈട്രാൻസ്ഫർ നിയമനത്തിന് തന്നെയാണ് മുൻഗണന നിലവിലുള്ളത്. ആയതിനാൽ പരിമിതമായ ഒഴിവുകളാണ് PSC യിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതായി വരുന്നത് .

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു നിലവിലെ ചട്ടങ്ങൾക്കനുസൃതമായി തിരുവനന്തപുരം ജില്ലയിൽ പഞ്ചായത്ത് വകുപ്പിൽ അംഗീകൃത ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികകളിലെ നിലവിലുള്ള പതിനൊന്ന് തസ്തികകളിലും നിയമനങ്ങൾ നടത്തിയിട്ടുള്ളതിനാലും ആയത് പ്രകാരം ടി തസ്തികയിൽ ഹർജിക്കാരിയെ നിയമിക്കാൻ നിലവിൽ ഒഴിവ് ഇല്ലാത്തതിനാലും, പ്രത്യേകമായി ഒരു സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് ടിയാളെ നിയമിക്കേണ്ട സാഹചര്യമില്ലെന്ന് കാണുന്നതിനാലും ശ്രീമതി ഷിജി മോളുടെ ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

5. പരാമർശം (1) പ്രകാരമുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ OA 1585/2020 നമ്പർ കേസ്സിന്മേലുള്ള 13.07.2023 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി.ഷിജി മോൾ ആർ. എസ്, റോഡരികത്ത് വീട്, കൊല്ല, ആനാട്, പനവൂർ, 695568

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നം. 172/ഇപിഎ2 / 2023/തസ്വഭവ - ഫയൽ നം. 171/ഇപിഎ2/2023/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 21-02-2024 14:41:00
സെക്ഷൻ ഓഫീസർ